# കേരള കാത്തലിക് യൂത്ത് മൂവ്മെന്റ്

## ഭരണഘടന

## ഒന്നാം ഭാഗം മൗലികങ്ങൾ

### അദ്ധ്യായം I

### പേരും ലക്ഷ്യവും വ്യാപ്തിയും

**1. പേര്**

a) ഈ പ്രസ്ഥാനത്തിന്റെ പേര് കേരളാ കാത്തലിക് യൂത്ത് മൂവ്മെന്റ് എന്നും ചുരുക്കത്തിൽ കെ.സി.വൈ.എം എന്നും ആകുന്നു.

b) കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (CBCI) അംഗീകരിച്ചിട്ടുള്ള ഇന്ത്യൻ കാത്തലിക് യൂത്ത് മൂവ്മെന്റി (ICYM) ന്റെ കേരള റീജിയൺ ഘടകമാകുന്നു.

c) വത്തിക്കാനിൽ അത്മായർക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര യുവജനസംഘടനയായ ഇന്റർനാഷണൽ മൂവ്മെന്റ് ഓഫ് കാത്തലിക് അഗ്രികൾച്ചറൽ റൂറൽ യൂത്തി (MIJARC/IMCARY) ന്റെ അംഗസംഘടനയാണ്.

**2. ലക്ഷ്യം**

ക്രൈസ്തവാദർശങ്ങളിലധിഷ്ഠിതമായി കത്തോലിക്കാ യുവജനങ്ങളുടെ സമഗ്രവികസ നവും സമൂഹത്തിന്റെ സമ്പൂർണ്ണ വിമോചനവും.

**3. വ്യാപ്തി**

കേരളത്തിലെ കത്തോലിക്കാ രൂപതകളുടെ അതിർത്തിക്കുള്ളിൽപ്പെടുന്ന പ്രദേശങ്ങൾ ഈ സംഘടനയുടെ പ്രവർത്തനപരിധിയിൽ പെടുന്നതാകുന്നു.

### അദ്ധ്യായം II

### മാർഗരേഖകൾ

**4. കർമ്മപരിപാടികൾ**

a) സമൂഹത്തിലെയും സഭയിലെയും വിവിധ മണ്ഡലങ്ങളിൽ നേതൃത്വം നൽകാൻ തക്ക വിധത്തിൽ പാടവമുള്ള യുവജന നേതൃത്വത്തെ വളർത്തിയെടുക്കുക.

b) യുവജനങ്ങളെ വിശ്വാസജീവിതത്തിൽ വളരാൻ സഹായിക്കുക, അവരുടെ അദ്ധ്യാത്മിക നവോത്ഥാനം സാധിതമാക്കുക.

c) നീതി നിഷേധിക്കപ്പെടുന്ന മേഖലകളിൽ നീതി പുനഃസ്ഥാപിക്കുന്നതിനായി യത്നിക്കുന്ന ക്രൈസ്തവ ധാർമ്മികശക്തിയായിത്തീരുക.

d) രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും സഭയുടെ സാമൂഹ്യ പ്രബോധനങ്ങളുടെയും അന്തഃസത്ത സ്വാംശീകരിച്ച് അല്മായ യുവജനങ്ങളുടെ സാമൂഹിക, രാഷ്ട്രീയ-പ്രേഷിതത്വത്തിനുള്ള വേദിയായി മാറുക.

e) പ്രാർത്ഥനാ ജീവിതം, ബൈബിൾ പഠനം, സാമൂഹിക വിശകലനം എന്നിവയിൽ പരിശീലന ക്ലാസ്സുകളും സെമിനാറുകളും അഖില കേരളാടിസ്ഥാനത്തിൽ നടത്തുക.

f) യുവജനങ്ങളുടെ മാനസികവും, ബൗദ്ധികവും കായികവും സാഹിത്യപരവും കലാപരവുമായ കഴിവുകളെ പരിശീലിപ്പിക്കുന്നതിന് പരിശീലന വേദികളും മത്സരങ്ങളും സംഘടിപ്പിക്കുക.

g) സമ്പർക്കവും സൗഹൃദവും വിജ്ഞാനവും ലാക്കാക്കി പര്യടനങ്ങളും വിനോദയാത്രകളും സംഘടിപ്പിക്കുക.

h) പ്രവർത്തനങ്ങളിലൂടെ വിവിധ തുറകളിൽ മികച്ച കഴിവുകൾ പ്രകടിപ്പിക്കുന്ന യുവജനങ്ങൾക്ക് അവരവരുടെ വാസനകൾക്ക് അനുസൃതമായ രംഗങ്ങളിൽ സാങ്കേതിക പരിശീലനവും പൊതു അടിസ്ഥാനത്തിൽ അംഗീകാരവും പ്രവർത്തന സൗകര്യങ്ങളും നൽകു ക.

i) യുവജനങ്ങളുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുക എന്ന ലക്ഷ്യം മുൻ നിറുത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ആവശ്യമായ അറിവും മാർഗോപദേശവും പരിശീലനവും നൽകുകയും ചെയ്യുക.

j) സഭയുടെയും സമുദായത്തിന്റെയും ഉത്തമ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ സംഘടിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

k) മതപരമായ വിഷയങ്ങളിൽ ലഘുലേഖകൾ, ചെറുഗ്രന്ഥങ്ങൾ, ചർച്ചയ്ക്കുപകരിക്കുന്ന പ്രബന്ധങ്ങൾ, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളുടെ സഹോയത്തോടെയുള്ള സന്ദേശങ്ങൾ മുതലായവ തയ്യാറാക്കുകയും കാലാകാലങ്ങളിൽ അംഗസംഘടനകൾക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുക.

l) മുകളിൽ പറഞ്ഞവയ്ക്ക് പുറമെ സെനറ്റിന്റെ അംഗീകാരത്തിനു വിധേയമായി ഇതരപ്രവർത്തന പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

# അദ്ധ്യായം III

## സ്വഭാവവും ഘടനയും

### 5. സ്വഭാവം

1. കേരളാ കാത്തലിക് യൂത്ത് മൂവ്മെന്റ് (Kerala Catholic Youth Movement KCYM) കേരളത്തിലെ വിവിധ കത്തോലിക്കാ രൂപതകളിൽ പ്രവർത്തിക്കുന്ന ഔദ്യോഗിക യുവജനസംഘടനകളുടെ ഫെഡറേഷനാകുന്നു.
2. ഈ പ്രസ്ഥാനത്തിന്റെ ഘടക സംഘടനകൾ അംഗ സംഘടനകൾ എന്ന പേരിലറിയപ്പെടുന്നു.
3. ഓരോ അംഗസംഘടനയ്ക്കും തുല്യമായ അവകാശങ്ങളും ചുമതലകളും മേൽപ്പറഞ്ഞ ഫെഡറേഷനിൽ ഉണ്ടായിരിക്കുന്നതാണ്.
4. ഈ പ്രസ്ഥാനം നിലവിൽ വരുന്നതിനും നിലനിൽക്കുന്നതിനും കേരളത്തിലെ ഭൂരിപക്ഷം കത്തോലിക്കാ രൂപതകളെ പ്രതിനിധാനം ചെയ്യുന്ന അംഗസംഘടനകൾ ഉണ്ടായിരിക്കേണ്ടതാണ്.
5. ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങളോടും കർമ്മപരിപാടികളോടും യോജിച്ചുപോകുന്നതും 15 നും 35 നും ഇടയ്ക്ക് പ്രായമുള്ള യുവതീയുവാക്കന്മാർക്ക് അംഗത്വമുള്ളതും അങ്ങനെയുള്ള യുവജനങ്ങൾ മാത്രം പ്രവർത്തിക്കുന്നതുമായ സംഘടനകളാകുന്നു മേൽ 1-ാം വകുപ്പിൽ വിവക്ഷിക്കുന്ന യുവജനസംഘടനകൾ.
6. ഈ പ്രസ്ഥാനം കക്ഷിരാഷ്ട്രീയത്തിന് അതീതമായിരിക്കുന്നതാണ്. കെ.സി.വൈ.എം ന്റെ ഭാരവാഹികൾക്ക് ഒരേ സമയം, ഈ പ്രസ്ഥാനത്തിന്റെയും രാഷ്ട്രീയ പാർട്ടികളുടെയും, അവയുടെ പോഷക സംഘടനകളുടെയും യാതൊരു തലത്തിലുമുള്ള ഔദ്യോഗിക ഭാരവാഹികൾ ആയിരിക്കാൻ പാടില്ലാത്തതാകുന്നു.
7. കെ.സി.വൈ.എം ന്റെ ഉദ്യോഗഭാരവാഹികൾ കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്ന ലോകസഭ, സംസ്ഥാന നിയമസഭ, ത്രിതല പഞ്ചായത്ത് സംവിധാനം, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ തുടങ്ങിയ പൊതുഭരണ സംവിധാനത്തിലേയ്ക്ക് മത്സരിക്കുവാൻ പാടില്ലാത്തതാകുന്നു.

### 6. ഭരണഘടകങ്ങൾ

ഈ പ്രസ്ഥാനത്തിന് നിയമാവലി അനുസരിച്ച് രൂപീകരിക്കപ്പെടുന്ന സെനറ്റ്, സിൻഡിക്കേറ്റ് എന്നീ രണ്ടു ഭരണഘടകങ്ങൾ ഉണ്ടായിരിക്കും. സെനറ്റ് നയരൂപീകരണ സമിതിയും സിൻഡിക്കേറ്റ് നിർവാഹക സമിതിയും ആയിരിക്കും.

## 7 സെക്രട്ടറിയേറ്റ്

ഈ പ്രസ്ഥാനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് സിൻഡിക്കേറ്റിന്റെ തീരുമാനങ്ങൾക്ക് വിധേയമായി നേതൃത്വം നൽകുന്നതിനായി ഡയറക്ടർ, അസി. ഡയറക്ടർ നിയമാവലി അനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികൾ എന്നിവരടങ്ങുന്ന ഒരു സെക്രട്ടറിയേറ്റ് ഉണ്ടായിരിക്കും.

1. ഈ പ്രസ്ഥാനത്തിന് നിയമാവലി അനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രസിഡന്റ്, രണ്ട് വൈസ് പ്രസിഡന്റുമാർ, ഒരു ജന. സെക്രട്ടറി, നാല് സെക്രട്ടറിമാർ, ഒരു ഖജാൻജി എന്നിങ്ങനെ ഒമ്പത് ഭാരവാഹികൾ ഉണ്ടായിരിക്കുന്നതാണ് സെക്രട്ടറിമാരിൽ രണ്ടുപേരും വൈസ് പ്രസിഡന്റുമാരിൽ ഒരാളും വനിതകളായിരിക്കണം.

2. ഈ പ്രസ്ഥാനത്തിന്റെ അംഗസംഘടനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന സിൻഡിക്കേറ്റ് അംഗങ്ങൾക്ക് മാത്രമേ ഈ പ്രസ്ഥാനത്തിന്റെ ഭാരവാഹിയായിരിക്കാൻ അവകാശമുണ്ടായിരിക്കുകയുള്ളൂ.

3. a) പ്രസിഡന്റ്, വൈസ് പ്രസിഡന്റ് (വനിതകൾക്ക് സംവരണം ചെയ്യാത്തത്) ജനറൽ സെക്രട്ടറി എന്നിവരുടെ തെരഞ്ഞെടുപ്പ് കേരളത്തിലെ മൂന്ന് വ്യക്തിസഭകൾക്ക് പ്രാതിനിധ്യം ലഭിക്കത്തകവിധമായിരിക്കണം.

   b) വനിതാ വൈസ് പ്രസിഡന്റ്, വനിതാ സെക്രട്ടറിമാർ എന്നിവരുടെ തെരഞ്ഞെടുപ്പ് കേരളത്തിലെ മൂന്ന് വ്യക്തിസഭകൾക്ക് പ്രാതിനിധ്യം ലഭിക്കത്തക്കവിധമായിരിക്കണം.

4. ഒരു രൂപതയിൽ നിന്നും ഒന്നിലധികം ഭാരവാഹികളെ തെരഞ്ഞെടുക്കുവാൻ പാടില്ലാത്തതാകുന്നു.

5. MIJARC, ICYM തുടങ്ങിയ മേൽ സമിതികളിലെ കേരള റീജിയണിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഔദ്യോഗിക ഭാരവാഹികൾ, പ്രസ്തുത സമിതികളിലെ ഭാരവാഹിത്വം ഉള്ളിടത്തോളം കാലം സെക്രട്ടറിയേറ്റിൽ Ex-officio അംഗങ്ങളായിരിക്കും.

## 8. ഡയറക്ടർ

1. കെ.സി.ബി.സി യൂത്ത് കമ്മീഷന്റെ ശുപാർശയനുസരിച്ച് കെ.സി.ബി.സി നിയമിക്കുന്ന ഒരു വൈദികൻ ഈ പ്രസ്ഥാനത്തിന്റെ ഡയറക്ടർ ആയിരിക്കുന്നതാണ്.

2. ഈ പ്രസ്ഥാനത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് കെ.സി.ബി.സി യൂത്ത് കമ്മീഷന് വിധേയമായി മേൽനോട്ടം വഹിക്കുകയും മാർഗനിർദ്ദേശം നൽകുകയും ചെയ്യുക ഡയറക്ടറുടെ കടമയാകുന്നു. നയപരമായ കാര്യങ്ങളിൽ സെനറ്റിന്റെ തീരുമാനങ്ങൾ ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായിരിക്കും. ഈ പ്രസ്ഥാനത്തിന്റെ എല്ലാ തലങ്ങളിലുമുള്ള യോഗങ്ങളിൽ സംബന്ധിക്കുന്നതിനും യുക്തമെന്ന് തോന്നുന്ന പക്ഷം അടിയന്തിരഘട്ടങ്ങളിൽ യൂത്ത് കമ്മീഷൻ ചെയർമാനോട് ആലോചിച്ച് സിൻഡിക്കേറ്റിന്റെ വിശേഷാൽ യോഗങ്ങൾ വിളിച്ച് കൂട്ടുന്നതിന് ആവശ്യപ്പെടുന്നതിനും ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. നിർദ്ദേശം നൽകി 15 ദിവസത്തിനകം അപ്രകാരം ചെയ്യാത്ത പക്ഷം ഡയറക്ടർക്ക് നേരിട്ട് ഈ സമിതികളുടെ യോഗം വിളിച്ചുകൂട്ടാവുന്നതാണ്. പ്രസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സെനറ്റ്, സിൻഡിക്കേറ്റ് അംഗങ്ങളുടെ മേലും ഭാരവാഹികളുടെ മേലും അംഗസംഘടനകളുടെ മേലും നീക്കം ചെയ്യലുൾപ്പെടെയുള്ള ശിക്ഷണനടപടികൾ എടുക്കുവാൻ ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ നടപടികൾക്ക് കെ.സി.ബി.സി യൂത്ത് കമ്മീഷന്റെ അനുമതി ആവശ്യമാണ്. അടിയന്തിര സാഹചര്യങ്ങളിൽ യൂത്ത് കമ്മീഷനിലെ ഇതര അംഗങ്ങളോട് മാത്രം ആലോചിച്ച് യൂത്ത് കമ്മീഷൻ ചെയർമാന് മേൽപ്പറഞ്ഞ ശിക്ഷണനടപടികൾ സ്വീകരിക്കാവുന്നതാണ്.

3. ഐ.സി.വൈ.എം ന്റെ ഭരണഘടന അനുശാസിക്കുന്ന RYD (Regional Youth Director) യുടെ ചുമതലകളും ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നു.

## 9. അസിസ്റ്റന്റ് ഡയറക്ടർ

1. കെ.സി.ബി.സി നിയമിക്കുന്ന ഒരു സിസ്റ്റർ ഈ പ്രസ്ഥാനത്തിന്റെ അസിസ്റ്റന്റ് ഡയറക്ടർ ആയിരിക്കും.

2. അസിസ്റ്റന്റ് ഡയറക്ടർ സെനറ്റ്, സിൻഡിക്കേറ്റ്, സെക്രട്ടറിയേറ്റ് എന്നിവയിലെ അംഗമായിരിക്കുന്നതാണ്. ഈ പ്രസ്ഥാനത്തിലെ വനിതാ വിഭാഗത്തിന്റെ മുഖ്യ ഉപദേഷ്ടാവും അസി. ഡയറക്ടർ ആയിരിക്കും.

3. ICYM ന്റെ ഭരണഘടന അനുശാസിക്കുന്ന RYLA (Regional Youth Lady Animator) യുടെ ചുമതലകളും അസി. ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

## 10. ഡയറക്ടേഴ്സ് കോൺഫറൻസ്

1. കെ.സി.ബി.സി യൂത്ത് കമ്മീഷൻ അംഗങ്ങൾ, പ്രസ്ഥാനത്തിന്റെ ഡയറക്ടർ, അസി. ഡയറക്ടർ, അംഗസംഘടനകളുടെ രൂപത ഡയറക്ടർമാർ എന്നിവർ ഈ കോൺഫറൻസിന്റെ അംഗങ്ങളായിരിക്കും.

2. കാലാകാലങ്ങളിൽ യോഗം ചേർന്ന് ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും സെനറ്റിലും സിൻഡിക്കേറ്റിലും തങ്ങളുടേതായി സമർപ്പിക്കേണ്ട നിർദ്ദേശങ്ങൾ പൊതുവിൽ കൂടി ആലോചിക്കുകയും ചെയ്യുക, സിൻഡിക്കേറ്റിലേയ്ക്കുള്ള മൂന്ന് പ്രസിനിധികളെ തെരഞ്ഞെടുക്കുക ഇവ ഡയറക്ടേഴ്സ് കോൺഫറൻസിന്റെ ചുമതലകളാകുന്നു.

## 11. പതാക

ഈ പ്രസ്ഥാനത്തിന് സെനറ്റ് അംഗീകരിക്കുന്ന ഒരു പൊതു പതാക ഉണ്ടായിരിക്കുന്നതാണ്. ഈ പതാക 2:3 അനുപാതത്തിൽ മുകളിൽ ചുവപ്പും മദ്ധ്യത്തിൽ വെള്ളയും താഴെ മഞ്ഞയും സമ അളവിൽ ഉള്ളതായിരിക്കും. വെള്ള നിറത്തിൽ മദ്ധ്യത്തിൽ കെ.സി.വൈ.എം എംബ്ലം ചുവപ്പ് നിറത്തിൽ മുദ്രണം ചെയ്തിട്ടുള്ളതും ആയിരിക്കണം.

### നിറങ്ങൾ

### ചുവപ്പ്

അളവ് : പതാകയുടെ 1/3

പ്രതീകം : ക്രിസ്തുവിന്റെയും മറ്റ് വിശുദ്ധരുടയും നീതിമാൻമാരുടെയും രക്തസാക്ഷിത്വത്തിന്റെ അടയാളം. സത്യത്തിനും നീതിക്കും ദൈവവിശ്വാസത്തിനും വേണ്ടി രക്തം ചിന്താനുള്ള പ്രചോദനം.

### വെള്ള

അളവ് : പതാകയുടെ 1/3

പ്രതീകം : നൈർമല്യം, നിഷ്കളങ്കത, വിശുദ്ധി.

### മഞ്ഞ

അളവ് : പതാകയുടെ 1/3

പ്രതീകം : സഹനം, ദൈവവിശ്വാസം

മഞ്ഞ, വെള്ള എന്നീ നിറങ്ങൾ പേപ്പൽ പതാകയെകൂടി സൂചിപ്പിക്കുന്നു.

## 12. കെ.സി.വൈ.എം എംബ്ലം

### വിശദീകരണം

യുവാവിന്റെയും യുവതിയുടെയും കൈകളാണ് വൃത്തത്തിനകത്ത് താഴെയുള്ള വരകൾ സൂചിപ്പിക്കുന്നത്.

V ആകൃതിയിൽ കാണുന്നത് തുറന്ന ബൈബിളും, തീജ്വാല ക്രിസ്തുവിനെയും സഭയെയും യുവജനങ്ങളുടെ പ്രവാചക ദൗത്യത്തെയും സൂചിപ്പിക്കുന്നു.

വൃത്താകൃതി പ്രപഞ്ചത്തിന്റെ പ്രതീകമാണ്.

കത്തോലിക്കാ യുവതീ യുവാക്കൾ കെ.സി.വൈ.എം ലൂടെ യേശുവിന്റെ സന്ദേശം ഈ പ്രപഞ്ചത്തിൽ പ്രകാശിപ്പിക്കും എന്ന് ദ്യോതിപ്പിക്കുന്നു.

### 13. സ്വത്തുക്കൾ

1. ഈ പ്രസ്ഥാനത്തിന്റെ സ്വത്തുക്കൾ സമൂഹനിലയിൽ സ്ഥിതിചെയ്യുന്നതും സ്വത്തുക്കളുടെയും ആദായത്തിന്റെയും ഒരംശം പോലും അംഗസംഘടനകളുടെ ഇടയിൽ വഭജിക്കപ്പെടാൻ പാടില്ലാത്തതുമാകുന്നു.
2. ഈ പ്രസ്ഥാനം നിറുത്തലാക്കപ്പെടുകയോ ഇതിന്റെ പ്രവർത്തനം സ്വയം അവസാനിക്കുകയോ ചെയ്യുന്ന കാലത്ത് പ്രസ്ഥാനത്തിന്റെ ആസ്തിബാദ്ധ്യതകളെ സംബന്ധിച്ച് കെ.സി.ബി.സി ആവശ്യമായ തീരുമാനമെടുക്കും.

### 14. പ്രസ്ഥാനം ഇല്ലാതാകൽ

അംഗസംഘടനകൾ നാമാവശേഷമാകുകയോ അംഗസംഘടനകളുടെ സഹകരണം റീജിയണൽ തലത്തിൽ തീർത്തും ഇല്ലാതാകുകയോ ഏതെങ്കിലും കാരണത്താൽ പ്രവർത്തനം അസാധ്യമായിത്തീരുകയും ചെയ്താൽ ഡയറക്ടർ യൂത്ത് കമ്മീഷൻ മുഖേന വിശദവിവരങ്ങളടങ്ങിയ ഒരു റിപ്പോർട്ട് കെ.സി.ബി.സി ക്ക് നൽകേണ്ടതും സാധാരണ ഗതിയിൽ പുനരുദ്ധാരണത്തിന് യുക്തമെന്ന് തോന്നുന്ന മാർഗങ്ങൾ കെ.സി.ബി.സി സ്വീകരിക്കേണ്ടതുമാണ്. പുനരുദ്ധാരണം അസാധ്യമെന്ന് തോന്നുന്ന പക്ഷം ഈ പ്രസ്ഥാനം പിരിച്ചുവിടാൻ കെ.സി.ബി.സി ക്ക് അവകാശമുണ്ടായിരിക്കുന്നതാണ്. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ കത്തോലിക്കാ വിശ്വാസത്തിനും താല്പര്യത്തിനും വിരുദ്ധമായി സംഘടന പ്രവർത്തിക്കുന്നു എന്ന് യൂത്ത് കമ്മീഷൻ ചെയർമാന് ബോധ്യമായാൽ കമ്മീഷനിലെ ഇതര അംഗങ്ങളോട് ആലോചിച്ച് ശുപാർശകളടങ്ങിയ ഒരു റിപ്പോർട്ട് കെ.സി.ബി.സി ക്ക് നൽകുന്നു. പിരിച്ചുവിടൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ കെ.സി.ബി.സി ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

# അദ്ധ്യായം IV

## കെ.സി.ബി.സി യൂത്ത് കമ്മീഷൻ - രക്ഷാധികാരികൾ

### 15. കെ.സി.ബി.സി യൂത്ത് കമ്മീഷൻ

ഈ പ്രസ്ഥാനത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും മാർഗദർശനവും ഉപദേശവും നിയന്ത്രണവും നൽകുന്നതിന് കെ.സി.ബി.സി യൂത്ത് കമ്മീഷന് അവകാശമുണ്ടായിരിക്കുന്നതാണ്. കെ.സി.ബി.സി യും ഈ പ്രസ്ഥാനവും തമ്മിൽ ഉണ്ടായിരിക്കേണ്ട ധാരണയുടെയും നല്ല ബന്ധത്തിന്റെയും കണ്ണിയായി യൂത്ത് കമ്മീഷൻ പ്രവർത്തിക്കുന്നു. യൂത്ത് കമ്മീഷൻ ചെയർമാൻ മുഖേന ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ സഹായസഹകരണങ്ങളും നൽകുന്നതാണ്. പ്രസ്ഥാനത്തെ സംബന്ധിക്കുന്ന എല്ലാ തർക്കവിഷയങ്ങളിലും യൂത്ത് കമ്മീഷന്റെ തീരുമാനം അന്തിമമായിരിക്കും. ഇത് കോടതിയിൽ ചോദ്യം ചെയ്യപ്പെടുവാൻ പാടില്ലാത്തതാകുന്നു.

### 16. രക്ഷാധികാരികൾ

1. കെ.സി.ബി.സി യുടെ പ്രസിഡന്റ് ഈ സംഘടനയുടെ രക്ഷാധികാരുയും വൈസ് പ്രസിഡന്റ് സഹരക്ഷാധികാരിയും ആകുന്നു.
2. ഈ പ്രസ്ഥാനത്തിന്റെ ഭാരവാഹികൾ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ യഥാസമയം രക്ഷാധികാരികളെ അറിയിക്കേണ്ടതും പ്രധാന കാര്യങ്ങളിലെല്ലാം അഭിപ്രായം ആരായേണ്ടതുമാണ്.

# അദ്ധ്യായം V

## ഭരണഘടന

### 17 മൗലികങ്ങളും നിയമാവലിലും

ഈ ഭരണഘടനയുടെ ഒന്നാം ഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മൗലികകങ്ങളും രണ്ടാം ഭാഗത്തിൽ ചേർത്തിരിക്കുന്ന നിയമാവലിയും ഈ പ്രസ്ഥാനത്തിന്റെ ഭരണഘടനയായിരിക്കുന്നതാണ്.

## 18. ഭേദഗതികൾ

1. ഈ ഭരണഘടനയുടെ ഒന്നാം ഭാഗമായ മൗലികങ്ങളിൽ ഏതെങ്കിലും അംശം എടുത്തുകളയുന്നതിനോ ഭേദപ്പെടുത്തുന്നതിനോ കൂട്ടിച്ചേർക്കുന്നതിനോ നിയമാവലിയിൽ വിവരിക്കുന്ന സെനറ്റ് യോഗത്തിൽ ആകെയുള്ള ഭൂരിപക്ഷം ഹാജരുണ്ടായിരിക്കുകയും ഹാജരുള്ള പ്രതിനിധികളിൽ മൂന്നിൽ രണ്ട് ഭാഗം അനുകൂലിക്കുകയും ചെയ്യേണ്ടതാണ്.

2. ഈ ഭരണഘടനയുടെ രണ്ടാം ഭാഗമായ നിയമാവലിയിൽ ഏതെങ്കിലും ഭേദപ്പെടുത്തുന്നതിനോ ഏതെങ്കിലും വകുപ്പുകൾ റദ്ദ് ചെയ്യുന്നതിനോ കൂട്ടിച്ചേർക്കുന്നതിനോ സെനറ്റ് യോഹത്തിൽ ഹാജരുള്ള പ്രതിനിധികളിൽ ഭൂരിപക്ഷം അനുകൂലിക്കേണ്ടതാകുന്നു.

3. ഈ ഭരണഘടനയുടെ ഭേദഗതികൾക്ക് കെ.സി.ബി.സിയുടെ രേഖാമൂലമായ അംഗീകാരം ഉണ്ടായിരിക്കേണ്ടതാണ്. കെ.സി.ബി.സി യുടെ അംഗീകാരം ലഭിക്കാത്ത യാതൊരു ഭേദഗതിക്കും നിയമ പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

4. ഈ ഭരണഘടനയിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കപ്പെടുന്ന ഭേദഗതികൾ സെനറ്റ് ചർച്ച ചെയ്യണമെങ്കിൽ ആ ഭേദഗതികളുടെ പൂർണ്ണരൂപം പ്രസ്തുത യോഗത്തിനുള്ള നോട്ടീസിൽ ചേർത്തിരിക്കേണ്ടതാകുന്നു.

## 19. നിയമവ്യാഖ്യാനം

ഈ ഭരണഘടന വ്യാഖ്യാനിക്കാനുള്ള അധികാരം കെ.സി.ബി.സി യൂത്ത് കമ്മീഷനായിരിക്കും.

## 20. ഭരണഘടന പ്രാബല്യത്തിൽ വരുന്ന തീയതി

കെ.സി.ബി.സി അംഗീകരിക്കുന്ന തീയതി മുതൽ ഈ ഭരണഘടന നിലവിൽ വരുന്നതാകുന്നു.

## 21 ചട്ടങ്ങൾ

ഈ ഭരണഘടന പ്രാവർത്തികമാക്കുന്നതിനും ഈ പ്രസ്ഥാനത്തിന്റെ സുഗമമായ നടത്തിപ്പിനും വേണ്ടി ക്രമീകരണ വ്യവസ്ഥകൾ ചെയ്തുകൊണ്ടുള്ള ചട്ടങ്ങളുണ്ടാക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും കൂട്ടിച്ചേർക്കുന്നതിനും നിയമാവലിയിൽ പറയുന്ന സിൻഡിക്കേറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ, മേൽപ്പറഞ്ഞ ചട്ടങ്ങൾ ഈ ഭരണഘടനയുടെ ഏതെങ്കിലും വകുപ്പിന് വിരുദ്ധമോ, ഓതെങ്കിലും വകുപ്പിനെ ഉല്ലംഘിക്കുന്നതോ, ചുരുക്കുന്നതോ ആയിരിക്കുവാൻ പാടില്ലാത്തതാകുന്നു.

# രണ്ടാം ഭാരം നിയമാവലി

# അദ്ധ്യായം VI

## അംഗസംഘടനകൾ

## 22. രജിസ്ട്രേഷൻ

1. 5-ാം വകുപ്പ് 6-ാം ഉപവകുപ്പിൽ വിവരിക്കുന്ന രൂപതയിലെ ഔദ്യോഗിക യുവജന സംഘടനയ്ക്ക് ഈ പ്രസ്ഥാനത്തിന്റെ ഒരു അംഗസംഘടനയായി ചേരാവുന്നതാണ്. അങ്ങനെ ചേരുന്നതിന് നിർദ്ദിഷ്ട ഫോറത്തിൽ ഫീസ് സഹിതം സിൻഡിക്കേറ്റിന് അപേക്ഷ അയയ്ക്കേണ്ടതും കേന്ദ്ര കാര്യാലയത്തിൽ നിന്നും സർട്ടിഫിക്കറ്റ് നൽകുന്ന തീയതി മുതൽ അംഗത്വം പ്രാബല്യത്തിൽ വരുന്നതുമാകുന്നു.

2. മേൽ 1-ാം വകുപ്പിൽ പറയുന്ന അപേക്ഷയോടുകൂടി:-

   a) പ്രസ്തുത സംഘടനയുടെ നിയമാവലി

   b) പ്രസ്തുത സംഘടനെ അംഗീകരിച്ചുകൊണ്ട് രൂപതാദ്ധ്യക്ഷനിൽ നിന്നും ലഭിക്കുന്ന സാക്ഷിപത്രം.

   c) പ്രസ്ഥാനത്തിന്റെ അംഗസംഘടനയായി ചേരുവാൻ പ്രസ്തുത സംഘടനയുടെ പരമാധികാര സമിതി ചെയ്തിട്ടുള്ള നിശ്ചയം എന്നിവയുടെ ഓരോ പ്രതിയും സംഘടനയ്ക്ക് വേണ്ടി ഡയറക്ടറും പ്രസിഡന്റും ഒപ്പിട്ടു ഹാജരാക്കേണ്ടതാകുന്നു.

## 23. അഫിലിയേഷൻ ഫീസ്, വാർഷിക ഫീസ്

1. ഓരോ അംഗസംഘടനയും പ്രസ്ഥാനത്തിന്റെ അംഗമായി ചേരുന്ന അവസരത്തിൽ, അതാതു കാലങ്ങളിലെ സെനറ്റ് നിശ്ചയിക്കുന്ന തുക അഫിലിയേഷൻ ഫീസായി അടയ്ക്കേണ്ടതാകുന്നു.

2. ഓരോ അംഗസംഘടനയും വാർഷിക ഫീസായി സെനറ്റ് നിശ്ചയിക്കുന്ന തുക വാർഷിക സെനറ്റ് യോഗത്തിന് മുമ്പായി കേന്ദ്രകാര്യാലയത്തിൽ അടയ്ക്കേണ്ടതാകുന്നു.

3. നിശ്ചിത തീയതിക്കകം, വാർഷികഫീസും ഇതര കുടിശിഖകളും അടയ്ക്കാത്ത അംഗസംഘടനയ്ക്കും അതിന്റെ പ്രതിനിധികൾക്കും ഈ നിയമാവലിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള യാതൊരവകാശത്തിനും ആയത് അടയ്ക്കുന്നതുവരെ അധികാരമുണ്ടായിരിക്കുന്നതല്ല. ഈ വ്യവസ്ഥയിൽ അയവ് വരുത്തുവാൻ സിൻഡിക്കേറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്. രണ്ട് വർഷത്തിൽ കൂടുതൽ തുടർച്ചയായി കാലാവധി നീട്ടിക്കൊടുക്കാവുന്നതല്ല.

## 24. അംഗസംഘടനയുടെ അവകാശങ്ങളും ചുമതലകളും

1. ഓരോ അംഗസംഘടനയ്ക്കും സെനറ്റിലേയ്ക്ക് പ്രസ്തുത സംഘടനയുടെ ഡയറക്ടറെയും, ആനിമേറ്ററെയും, 6 യുവജന പ്രതിനിധികളെയും അയയ്ക്കാവുന്നതാണ്. യുവജനപ്രതിനിധികളിൽ അംഗസംഘടനകളുടെ പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവർ ഉൾപ്പെടുന്നത് അഭികാമ്യമാണ്. യുവജനപ്രതിനിധികളിൽ രണ്ടുപേർ വനിതകളായിരിക്കണം.

2. ഓരോ അംഗസംഘടനയ്ക്കും തങ്ങളുടെ സെനറ്റിലേയ്ക്കുള്ള യുവജനപ്രതിനിധികളിൽ രണ്ടുപേരെ സിൻഡിക്കേറ്റിലേയ്ക്ക് നിയോഗിക്കാവുന്നതാണ്. ഇതിൽ ഒരാൾ വനിതയായിരിക്കണം.

3. അംഗസംഘടനകളുടെ സിൻഡിക്കേറ്റിലെ യുവജനപ്രതിനിധികൾക്ക് ഈ ഭരണഘടനയിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി പ്രസ്ഥാനത്തിന്റെ ഏതു സ്ഥാനത്തേയ്ക്കും തെരഞ്ഞെടുക്കപ്പെടുവാൻ യോഗ്യതയുണ്ടായിരിക്കും.

   എന്നാൽ ഒരു വൈസ് പ്രസിഡന്റ്, രണ്ട് സെക്രട്ടറിമാർ എന്നീ സ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുവാൻ സിൻഡിക്കേറ്റിലെ വനിതാ പ്രതിനിധികൾക്ക് മാത്രമായിരിക്കും അവകാശം.

4. ഓരോ അംഗസംഘടനയും പ്രതിവർഷം ഡിസംബർ 30-ാം തീയതിക്ക് മുമ്പായി:-

   a) അതിലെ അംഗങ്ങളുടെ സംഖ്യ

   b) നടപ്പുവർഷത്തെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട്

   c) പ്രസ്ഥാനത്തിന്റെ സെനറ്റിലേയ്ക്കുള്ള പ്രതിനിധികളുടെയും സിൻഡിക്കേറ്റിലേയ്ക്കുള്ള നോമിനികളുടെയും പേരുവിവരം കേന്ദ്ര കാര്യാലയത്തിലേയ്ക്ക് അയച്ചുകൊടുക്കേണ്ടതാകുന്നു.

## 25. അംഗത്വം റദ്ദുചെയ്യൽ

ഏതെങ്കിലും അംഗസംഘടന ഈ ഭരണഘടനയിൽ അംഗസംഘടനകളെ സംബന്ധിച്ച് ചെയ്തിട്ടുള്ള വ്യവസ്ഥകൾ ലംഘിക്കുകയോ, പ്രസ്ഥാനത്തിന്റെ പ്രഖ്യാപിത നയത്തിന് വിപരീതമായ ഒരു നിലപാട് സ്വീകരിക്കുന്നതോ ആയാൽ അതിന്റെ ഈ പ്രസ്ഥാനത്തിലെ അംഗത്വം ആവശ്യമായ നോട്ടീസ് കൊടുത്ത ശേഷം റദ്ദ് ചെയ്യുന്നതിന് സിൻഡിക്കേറ്റിന് ഡയറക്ടർ മുഖേന യൂത്ത് കമ്മീഷനോട് ശുപാർശ ചെയ്യാവുന്നതാണ്.

# അദ്ധ്യായം VII

# സെനറ്റ്

### 26. ഘടന

1. ഭരണഘടനയിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി പ്രസ്ഥാനത്തിന്റെ പരമാധികാര സമിതി സെനറ്റ് ആകുന്നു. ഇതിലെ അംഗങ്ങൾ ഈ ഭരണഘടനയിൽ പ്രതിനിധികൾ എന്നു പറയപ്പെടുന്നതാണ്.

2. സെനറ്റിൽ താഴെ പറയുന്നവർ അംഗങ്ങളായിരിക്കുന്നതാണ്.

a) കെ.സി.ബി.സി യൂത്ത് കമ്മീഷൻ അംഗങ്ങൾ

b) പ്രസ്ഥാനത്തിന്റെ ഡയറക്ടർ (8 (1) വകുപ്പ്)

c) 9-ാം വകുപ്പിൽ പറയുന്ന അസി. ഡയറക്ടർ

d) 24(1) ൽ പറയുന്ന പ്രതിനിധികൾ

e) 24(1) ൽ പറയുന്ന ആനിമേറ്ററിന് 35 വയസിന് മേൽ പ്രായമുണ്ടായിരിക്കണം. എന്നാൽ വൈദികർക്കും സിസ്റ്റർമാർക്കും ഈ പ്രായപരിധി ബാധകമല്ല.

f) സ്ഥാനമൊഴിയുന്ന പ്രസിഡന്റ്, വൈസ് പ്രസിഡന്റ്മാർ, ജനറൽ സെക്രട്ടറി, ഡയറക്ടർ, അസി. ഡയറക്ടർ എന്നിവർ.

g) MIJARC, ICYM തുടങ്ങിയ മേൽ ഘടകങ്ങളിലേയ്ക്കുള്ള പ്രതിനിധികൾ. ഇവർ സ്ഥാന മൊഴിയുന്ന മുറയ്ക്ക് സെനറ്റിലെ അംഗത്വവും നഷ്ടപ്പെടുന്നതാണ്.

## 27 കാലാവധി

സെനറ്റിന്റെ കാലാവധി ഒരു വർഷം ആയിരിക്കുന്നതാണ്.

## 28. അധികാരങ്ങളും അവകാശങ്ങളും

സെനറ്റിന്റെ അധികാരങ്ങളും ചുമതലകളും താഴെപറയുന്നതാകുന്നു:-

1. പ്രസ്ഥാനത്തിന്റെ ഭാരവാഹികളെ തെരഞ്ഞെടുക്കുക.
2. ഭരണഘടന ഭേദഗതികൾ പാസാക്കുക
3. സംഘടനയുടെ നയം രൂപീകരിക്കുക.
4. സഭയെയും സമുദായത്തെയും ബാധിക്കുന്നതോ പൊതുപ്രാധാന്യം അർഹിക്കുന്നതോ ആയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുക.
5. കർമ്മപരിപാടികൾ ആവിഷ്കരിക്കുക.
6. സിൻഡിക്കേറ്റിന് വേണ്ട നിർദ്ദേശങ്ങൾ നൽകുക.
7. വരവുചെയലവ് സ്റ്റേറ്റുമെന്റും ബാക്കിപത്രവും വാർഷിക റിപ്പോർട്ടും അംഗീകരിക്കുക.
8. അടുത്ത വർഷത്തേയ്ക്കുള്ള ഓഡിറ്റർമാരെ നിയമിക്കുക.

## 29. സെനറ്റ് യോഗങ്ങൾ

### 1. അദ്ധ്യക്ഷൻ

സെനറ്റ് യോഗങ്ങളിൽ പ്രസിഡന്റും പ്രസിഡന്റിന്റെ അസാന്നിദ്ധ്യത്തിൽ വൈസ് പ്രസിഡന്റും ആദ്ധ്യക്ഷം വഹിക്കേണ്ടതാകുന്നു. വൈസ് പ്രസിഡന്റുമാർ ഹാജരാകാതിരിക്കുകയോ ആദ്ധ്യക്ഷം വഹിക്കുന്നതിന് മറ്റാരെയും പ്രസിഡന്റ് രേഖാമൂലം അധികാരപ്പെടുത്താതിരിക്കുകയും ചെയ്യുന്ന ഘട്ടങ്ങളിൽ ഹാജരുള്ള അംഗങ്ങളിൽ ഒരാളെ ഭൂരിപക്ഷാഭിപ്രായമനുസരിച്ച് അദ്ധ്യക്ഷ സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത് യോഗം നടത്താവുന്നതാണ്. എന്നാൽ യോഗം ആരംഭിച്ച ശേഷം പ്രസിഡന്റോ വൈസ് പ്രസിഡന്റോ ഹാജരാകുന്ന പക്ഷം പകരം ആദ്ധ്യക്ഷം വഹിക്കുന്നയാൾ തൽസ്ഥാനം ഒഴിഞ്ഞ് കൊടുക്കേണ്ടതും പ്രസിഡന്റിന്റെയോ വൈസ് പ്രസിഡന്റിന്റെയോ അദ്ധ്യക്ഷതയിൽ നടപടികൾ തുടരേണ്ടതുമാകുന്നു.

2. പ്രസിഡന്റിനെയോ വൈസ് പ്രസിഡന്റിനെയോ മറ്റേതെങ്കിലും അംഗത്തെയോ നേരിട്ട് ബാധിക്കുന്നതോ അവർ കക്ഷിയായി വരുന്നതോ ആയ പ്രശ്നങ്ങൾ തീരുമാനിക്കപ്പെടേണ്ട അവസരങ്ങളിൽ തൽപ്പരകക്ഷികളാരും യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കാൻ പാടില്ലാത്തതുമാകുന്നു.

## 30. നടപടിക്രമം

1. സെനറ്റ് യോഗത്തിൽ സംബന്ധിക്കുവാൻ വരുന്ന പ്രതിനിധികൾ തങ്ങളുടെ പ്രാതിനിധ്യത്തിന്റെ തെളിവുകൾ കൈവശം വച്ചിരിക്കേണ്ടതും ആവശ്യമായി വരുന്ന പക്ഷം ഹാജരാക്കേണ്ടതുമാണ്.

2. സെനറ്റുയോഗത്തിൽ പാർലമെന്ററി നടപടിക്രമം അവലംബിക്കേണ്ടതാണ്.

3. സെനറ്റുയോഗത്തിന്റെ നടപടികൾ അദ്ധ്യക്ഷൻ നിയന്ത്രിക്കേണ്ടതും അതിലേയ്ക്ക് അദ്ധ്യക്ഷൻ നൽകുന്ന റൂളിംഗ് (ruling) ആ യോഗത്തെ സംബന്ധിച്ചിടത്തോളം അന്തിമതീരുമാനമായിരിക്കേണ്ടതുമാണ്.

## 31. പ്രശ്നോത്തരങ്ങൾ

1. സെനറ്റ് യോഗത്തിൽ മുൻ യോഗനടപടികൾ പാസാക്കുന്നതിനെ തുടർന്ന് ഒരു മണിക്കൂർ വരെ സമയം പ്രശ്നോത്തരങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.

2. സെനറ്റ് യോഗത്തിന് ഏഴ് ദിവസം മുമ്പ് വരെ കേന്ദ്ര കാര്യാലയത്തിൽ കിട്ടിയിട്ടുള്ള ചോദ്യങ്ങൾ നിയമാനുസൃതമാണെങ്കിൽ ചോദ്യകർത്താവിനോ ടിയാൻ രേഖാമൂലം അധികാരപ്പെടുത്തിയിട്ടുള്ള സെനറ്റംഗത്തിനോ ഹാജരുള്ള പക്ഷം ചോദ്യം ഉന്നയിക്കാവുന്നതും പ്രസ്ഥാനത്തിന്റെ ഉദ്യോഗഭാരവാഹികളിൽ അദ്ധ്യക്ഷൻ അനുവദിക്കുന്ന ആരെങ്കിലും അവർക്ക് മറുപടി നൽകാവുന്നതുമാണ്.

3. മേൽ രണ്ടാം ഉപവകുപ്പിൽ പറയുന്ന തീയതിക്ക് ശേഷം ഉളവായിട്ടുള്ള ഏതെങ്കിലും അടിയന്തിര പ്രശ്നത്തെ സംബന്ധിച്ച് ഷോർട്ട് നോട്ടീസ് ചോദ്യങ്ങൾക്കും അദ്ധ്യക്ഷൻ അനുവദിക്കുന്ന പക്ഷം മറുപടി നൽകാവുന്നതാണ്. എന്നാൽ, ഇത്തരം ചോദ്യങ്ങൾ യോഗം ആരംഭിക്കുന്നതിന് 30 മിനിറ്റ് മുമ്പെങ്കിലും ജനറൽ സെക്രട്ടറിയെയോ സെക്രട്ടറിമാരെയോ ഏൽപിച്ചിരിക്കേണ്ടതാണ്.

4. രണ്ടും മൂന്നും ഉപവകുപ്പുകളിൽ വിവരിക്കുന്ന ചോദ്യങ്ങളുടെ മറുപടികളുടെ അടിസ്ഥാനത്തിൽ ഉപചോദ്യങ്ങൾ ചോദിക്കാവുന്നതും അവയ്ക്ക് മറുപടി നൽകാവുന്നതുമാണ്.

## 32. പ്രമേയങ്ങൾ

1. സെനറ്റ് യോഗത്തിന്റെ പര്യാലോചനയ്ക്കുള്ള പ്രമേയങ്ങൾ യോഗത്തിന് 7 ദിവസം മുമ്പെങ്കിലും കേന്ദ്ര കാര്യാലയത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

2. സെനറ്റ് യോഗത്തിൽ അവതരിപ്പിക്കേണ്ട പ്രമേയങ്ങൾ വിഷയനിർണ്ണയ കമ്മിറ്റി മുൻകൂട്ടി ചർച്ച ചെയ്യേണ്ടതും ചർച്ച ചെയ്യപ്പെടുന്ന പ്രമേയങ്ങൾ സ്വീകരിക്കുന്നതിനോ തിരസ്കരിക്കുന്നതിനോ ഭേദപ്പെടുത്തുന്നതിനോ വിഷയനിർണ്ണയ കമ്മിറ്റിക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

3. വിഷയനിർണ്ണയ കമ്മിറ്റി അംഗീകരിക്കാത്ത യാതൊരു പ്രമേയവും സെനറ്റിന്റെ പര്യാലോചനയ്ക്ക് സമർപ്പിക്കുവാൻ പാടില്ലാത്തതാകുന്നു. എന്നാൽ വിഷയനിർണ്ണയ കമ്മിറ്റിയിൽ തിരസ്കൃതമായ ഒരു പ്രമേയത്തിന്റെ പ്രയോക്താവിന് വിഷയനിർണ്ണയ കമ്മിറ്റിയുടെ തീരുമാനം അസ്വീകാര്യമെങ്കിൽ ഡയറക്ടറുടെ പക്കൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

4. സിൻഡിക്കേറ്റ് ഹാജരാക്കുന്ന പ്രമേയങ്ങൾക്കും 34 ഉം 35 ഉം വകുപ്പുകളിൽ പറയുന്ന പ്രമേയങ്ങൾക്കും മേൽ (1) ഉം (2) ഉം (3) ഉം ഉപവകുപ്പുകൾ ബാധകമല്ല.

## 33. വിഷയനിർണ്ണയ കമ്മിറ്റി

സെക്രട്ടറിയേറ്റ് അംഗങ്ങൾ

## 34. അടിയന്തിര പ്രമേയങ്ങൾ

1. സെനറ്റ് യോഗത്തിൽ അദ്ധ്യക്ഷന്റെ അനുമതിയോടുകൂടി അംഗങ്ങൾക്ക് പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

2. അടിയന്തിര പ്രമേയത്തിലെ പ്രതിപാദ്യ വിഷയം നിയമപ്രകാരം പ്രമേയങ്ങൾക്ക് നോട്ടീസ് കൊടുക്കേണ്ട തീയതി കഴിഞ്ഞ് ഉത്ഭവിച്ചിട്ടുള്ളതും പ്രമേയം തന്നെ യോഗമാരംഭിക്കുന്നതിന് നിശ്ചയിക്കപ്പെട്ടരിക്കുന്നതിന് 30 മിനിറ്റ് മുമ്പ് ജനറൽ സെക്രട്ടറിയെയോ സെക്രട്ടറിമാരെയോ ഏൽപിച്ചിട്ടുള്ളതും ആയിരിക്കണം.

3. അടിയന്തിരപ്രമേയെ അദ്ധ്യക്ഷൻ അനുവദിക്കുന്ന പക്ഷം അതിന്റെ ചർച്ചയ്ക്ക് അദ്ദേഹം സമയം നിശ്ചയിക്കുന്നതും നിശ്ചിത സമയപരിധിക്കുള്ളിൽ ചർച്ച അവസാനിപ്പിക്കേണ്ടതുമാകുന്നു.

## 35. അവിശ്വാസ പ്രമേയം

1. സെനറ്റിലെ അംഗങ്ങളിൽ ആർക്കെങ്കിലും തെരഞ്ഞെടുക്കപ്പെട്ട ഏതെങ്കിലും ഉദ്യോഗഭാരവാഹിയുടെ പേരിലോ ഭാരവാഹികളുടെ പേരിൽ പൊതുവായോ അവിശ്വാസം രേഖപ്പെടുത്തണമെങ്കിൽ അതിലേയ്ക്ക് ഒരു പ്രമേയം സെനറ്റുയോഗത്തിന്റെ പര്യാലോചനയ്ക്ക് ഹാജരാക്കാവുന്നതാണ്.

2. മേൽ 1–ാം വകുപ്പിൽ പറയുന്ന അവിശ്വാസ പ്രമേയം അതിനുള്ള കാരണങ്ങൾ വിശദമാക്കുന്ന ഒരു സ്റ്റേറ്റ്മെന്റ് സഹിതം സെനറ്റിലെ യുവജനപ്രതിനിധികളിൽ കുറഞ്ഞ് 1/3 (മൂന്നിലൊന്ന്) പേരുടെയെങ്കിലും രേഖാമൂലമായ സമ്മതത്തോടുകൂടി സിൻഡിക്കേറ്റിന് സമർപ്പിക്കേണ്ടതാകുന്നു. സിൻഡിക്കേറ്റ് മുൻകൈ എടുത്ത് പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നു. പരിഹാരം കാണാനായില്ലെങ്കിൽ അവിശ്വാസപ്രമേയം കേന്ദ്രകാര്യാലയത്തിൽ കിട്ടിയ തീയതി മുതൽ 30 ദിവസത്തിനകം പ്രസിഡന്റ്, ജനറൽ സെക്രട്ടറിയെക്കൊണ്ട് സെനറ്റിന്റെ അസാധാരണയോഗം വിളിച്ചുകൂട്ടേണ്ടതാകുന്നു.

3. സെനറ്റുയോഗത്തിൽ സന്നിഹിതരായിരിക്കുന്ന അംഗങ്ങളിൽ 1/3 പേരെങ്കിലും അനുകൂലിക്കുന്നെങ്കിൽ മാത്രം പ്രമേയ പ്രയോക്താവിന് പ്രമേയം അവതരിപ്പിക്കാവുന്നതും രണ്ട് മണിക്കൂറിൽ കൂടാത്ത സമയത്തേക്ക് ചർച്ച നടത്താവുന്നതുമാകുന്നു.

4. സെനറ്റുയോഗത്തിൽ സന്നിഹിതരായിരിക്കുന്ന അംഗങ്ങളുടെ ഭൂരിപക്ഷം പ്രമേയത്തെ അനുകൂലിക്കുന്ന പക്ഷം അവിശ്വാസപ്രമേയം പാസ്സായതായി അദ്ധ്യക്ഷൻ പ്രഖ്യാപിക്കേണ്ടതും അവിശ്വാസത്തിന് വിധേയനായ ഉദ്യോഗഭാരവാഹിയോ ഉദ്യോഗഭാരവാഹികളോ ഉടനടി രാജിവയ്ക്കേണ്ടതുമാകുന്നു.

## 36. വാർഷിക യോഗം

1. സെനറ്റിന്റെ വാർഷിക യോഗം ഡിസംബർ മാസാന്ത്യത്തിൽ ജനറൽ സെക്രട്ടറി നിയമാനുസൃതം വിളിച്ചുകൂട്ടേണ്ടതാണ്. പ്രത്യേക സാഹചര്യത്തിൽ സിൻഡിക്കേറ്റിന് 30 ദിവസത്തേയ്ക്ക് സെനറ്റിന്റെ വാർഷികയോഗം നീട്ടിക്കൊടുക്കാവുന്നതാണ്.

2. വാർഷിക യോഗത്തിൽ നടപ്പുവർഷത്തെ പ്രവർത്തന റിപ്പോർട്ട്, ഓഡിറ്റ് ചെയ്ത വരവുചെലവു കണക്കുകൾ എന്നിവ അവതരിപ്പിച്ച് സെനറ്റിന്റെ അംഗീകാരം തേടേണ്ടതാണ്.

3. ആഗസ്റ്റ് – സെപ്റ്റംബർ മാസത്തിൽ സെനറ്റ് യോഗം ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തി അടുത്ത വർഷത്തേയ്ക്കുള്ള കർമ്മപരിപാടികളുടെ രൂപരേഖ തയ്യാറാക്കേണ്ടതാണ്.

4. വാർഷിക യോഗത്തിൽ നടപ്പുവർഷത്തെ പ്രവർത്തന റിപ്പോർട്ട്, ഓഡിറ്റ് ചെയ്ത വരവുചെലവു കണക്കുകൾ എന്നിവ അവതരിപ്പിച്ച് സെനറ്റിന്റെ അംഗീകാരം തേടേണ്ടതാണ്.

## 37. വിശേഷാൽ യോഗങ്ങൾ

സാമാന്യമായി സിൻഡിക്കേറ്റ് ആവശ്യപ്പെടുന്ന അവസരങ്ങളിലും പ്രസിഡന്റിന്റെ നിർദ്ദേശം അനുസരിച്ച് അടിയന്തിരഘട്ടങ്ങളിലും സെനറ്റിന്റെ വിശേഷാൽ യോഗങ്ങൾ ജനറൽ സെക്രട്ടറി വിളിച്ച് കൂട്ടേണ്ടതാകുന്നു. യുക്തമെന്ന് തോന്നുന്ന പക്ഷം ഏതവസരത്തിലും വിശേഷാൽ യോഗം വിളിച്ചുകൂട്ടുന്നതിന് ഡയറക്ടർക്ക് ആവശ്യപ്പെടാവുന്നതാണ്.

## 38. അസാധാരണ യോഗങ്ങൾ

1. 1/3 ൽ കുറയാതെ സെനറ്റിലെ അംഗങ്ങൾ ചേർന്ന് ചുവടെ വിവരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ആവശ്യം കാണിച്ച് രേഖാമൂലം പ്രസിഡന്റിനോടാവശ്യപ്പെട്ടാൽ സെനറ്റിന്റെ ഒരു അസാധാരണ യോഗം പ്രസിഡന്റ് ജനറൽ സെക്രട്ടറിയെക്കൊണ്ട് വിളിച്ചുകൂട്ടേണ്ടതാണ്.

2. മേൽ ഒന്നാം വകുപ്പിൽ നിർദ്ദേശിക്കുന്ന അസാധാരണയോഗം വിളിച്ചുകൂട്ടുന്നതിനുള്ള കാരണം വിശദമായി കാണിച്ചിരിക്കേണ്ടതും ചർച്ചചെയ്യാൻ ഉദ്ദേശിക്കുന്ന പ്രമേയങ്ങളുടെ പൂർണ്ണ രൂപം കൊടുത്തിരിക്കേണ്ടതുമാകുന്നു.

3. മേൽ 2–ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി സമർപ്പിക്കപ്പെടുന്ന അപേക്ഷ കൈപ്പറ്റുന്ന തീയതി മുതൽ 30 ദിവസത്തിനകം ഒന്നാം ഉപവകുപ്പൽ പറയുന്ന പ്രകാരം യോഗം വിളിച്ചുകൂട്ടാതിരുന്നാൽ 20 ദിവസത്തിനുശേഷം ഡയറക്ടർ നേരിട്ട് യോഗം വിളിച്ചുകൂട്ടേണ്ടതാണ്.

4. മേൽ മൂന്നാം ഉപവകുപ്പിൻ പ്രകാരം വിളിച്ചുകൂട്ടുന്ന അസാധാരണ യോഗത്തിൽ അപേക്ഷയോടുകൂടി അയച്ചിട്ടുള്ള പ്രമേയങ്ങളല്ലാതെ മറ്റൊന്നും ചർച്ച ചെയ്യാൻ പാടില്ലാത്തതാകുന്നു.

5. മേൽ 3-ാം ഉപവകുപ്പിൽ വിവരിക്കുന്ന പ്രകാരം വിളിച്ചുകൂട്ടുന്ന യോഗം ആരംഭിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന സമയം മുതൽ ഒരു മണിക്കൂർ കഴിഞ്ഞിട്ടും നിർദ്ദിഷ്ട കോറം ഇല്ലാതെ വന്നാൽ യോഗം പിരിച്ചുവിടേണ്ടതും 40(2) ൽ വിവരിക്കുന്ന ആവുകൂല്യങ്ങൾ ഈ യോഗത്തിന് ബാധകമല്ലാത്തതുമാകുന്നു.

### 39 നോട്ടീസ്

സെനറ്റുയോഗത്തിനുള്ള നോട്ടീസ് യോഗത്തിന് 15 ദിവസം മുമ്പ് കേന്ദ്ര കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിരിക്കേണ്ടതും പ്രസ്തുത നോട്ടീസിൽ യോഗം ചേരുന്ന സ്ഥലം, തീയതി, സമയം, കാര്യപരിപാടി എന്നിവ വിശദമായി കാണിച്ചിരിക്കേണ്ടതുമാകുന്നു.

### 40. കോറം

1. സെനറ്റുയോഗത്തിന്റെ കോറം യുവജനപ്രതിനിധികളുടെ 25 ശതമാനമായിരിക്കുന്നതാണ്.

2. സെനറ്റുയോഗത്തിന് നിർദ്ദിഷ്ട കോറം ഇല്ലാതെ വന്നാൽ യോഗം ആരംഭിക്കുന്നതിന് നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയം മുതൽ ഒരു മണിക്കൂർ കാത്തിരിക്കേണ്ടതും എന്നിട്ടും കോറം ഇല്ലെങ്കിൽ യോഗം മാറ്റി വയ്ക്കാവുന്നതും ആ തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ആദ്യ യോഗത്തിന്റെ കാര്യപരിപാടിയിൽ മാറ്റം വരുത്താതെ വീണ്ടും നോട്ടീസ് നൽകി യോഗം വിളിച്ചുകൂട്ടേണ്ടതും പ്രസ്തുത യോഗത്തിന് കോറം നിർബന്ധിതമല്ലാത്തതുമാകുന്നു.

# അദ്ധ്യായം VIII

## സിൻഡിക്കേറ്റ്

### 41. ഘടന

സിൻഡിക്കേറ്റിൽ താഴെപ്പറുന്നവർ അംഗങ്ങളായിരിക്കുന്നതാണ്:-

1. കെ.സി.ബി.സി. യൂത്ത് കമ്മീഷൻ ചെയർമാൻ

2. 8-ാം വകുപ്പിൽ പറയുന്ന ഡയറക്ടർ

3. 9-ാം വകുപ്പിൽ പറയുന്ന അസി. ഡയറക്ടർ

4. 24(2) ൽ പറയുന്നവിധം ഓരോ അംഗസംഘടനയും സെനറ്റിലെ തങ്ങളുടെ യുവജന പ്രതിനിധികളിൽ നിന്നും തെരഞ്ഞെടുത്ത് നിയോഗിക്കുന്ന രണ്ട് അംഗങ്ങൾ.

5. 10-ാം വകുപ്പിൽ പറയുന്ന ഡയറക്ടേഴ്സ് കോൺഫറൻസ് തെരഞ്ഞെടുക്കുന്ന മൂന്ന് ഡയറക്ടർമാർ.

6. 24 (1) 26 (2) 6 ൽ പറയുന്ന മൂന്ന് ആനിമേറ്റർമാർ. ഒരാൾ പുരുഷ പ്രതിനിധിയും മറ്റൊരാൾ വനിതാ പ്രതിനിധിയും മറ്റൊരാൾ സിസ്റ്റർ പ്രതിനിധിയുമായിരിക്കുന്നത് അഭികാമ്യമാണ്. പ്രതിനിധികളെ തെരഞ്ഞെടുക്കണമെങ്കിൽ ഓരോ ഗണത്തിലും മൂന്ന് പേരെങ്കിലും സെനറ്റിൽ ഹാജരായിരിക്കേണ്ടതാണ്. മൂന്ന് പേരും വ്യത്യസ്ത രൂപതകളിലും വ്യത്യസ്ത വ്യക്തിസഭകളിലും നിന്നുമായിരിക്കേണ്ടതാണ്.

7. സ്ഥാനമൊഴിയുന്ന പ്രസിഡന്റ്, വൈസ് പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറി, തൊട്ടുമുമ്പ് വിരമിക്കുന്ന ഡയറക്ടർ, അസി. ഡയറക്ടർ എന്നിവർ.

8. 26 (2) ജി വകുപ്പിൽ പറയുന്നവർ.

### 42. കാലാവധി

1. സിൻഡിക്കേറ്റിന്റെ കാലാവധി ഒരു വർഷമായിരിക്കുന്നതാണ്.

2. തുടർച്ചയായി സിൻഡിക്കേറ്റിന്റെ മൂന്ന് യോഗങ്ങൾക്ക് കാരണം കാണിച്ച് രേഖാമൂലം അറിയിക്കാതെ സന്നിഹിതരാകാതിരുന്ന അംഗങ്ങളുടെ സ്ഥാനം അതിൽത്തന്നെ നഷ്ടമാകുന്നതും അതിന് പ്രത്യേകം നോട്ടീസ് നൽകേണ്ടതുമാണ്. ആ പ്രവർത്തനവർഷത്തിൽ തന്നെ മറ്റൊരം

ഗത്തെ സിൻഡിക്കേറ്റ് അംഗമായി നിയോഗിക്കാവുന്നതാണ്.

## 43. അധികാരങ്ങളും ചുമതലകളും

സെനറ്റിന്റെ നിയന്ത്രണത്തിന് വിധേയമായി പ്രസ്ഥാനത്തിന്റെ കാര്യങ്ങളുടെ നിർവ്വഹണത്തിനുള്ള മുഖ്യാധികാരം സിൻഡിക്കേറ്റിനാകുന്നു. ഈ ഭരണഘടനയുടെ ഇതരഭാഗങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അധികാരങ്ങൾക്കും ചുമതലകൾക്കും പുറമെ സിൻഡിക്കേറ്റിന് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്.

1. സെനറ്റിന്റെ നിശ്ചയങ്ങളും നിർദ്ദേശങ്ങളും നടപ്പിൽ വരുത്തുക.
2. അതാത് കാലങ്ങളിൽ പ്രാധാന്യമർഹിക്കുന്ന വിഷയങ്ങൾ സെനറ്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയും സെനറ്റിന്റെ ചർച്ചയ്ക്ക് വിഷയീഭവിക്കേണ്ട ഔദ്യോഗിക പ്രമേയങ്ങൾ സജ്ജമാക്കുകയും സെനറ്റ് വിളിച്ചുകൂട്ടുകയും അത് കൂടേണ്ട സമയം, സ്ഥലം, കാര്യപരിപാടി എന്നിവ നിശ്ചയിക്കുകയും ചെയ്യുക.
3. അടിയന്തിര ഘട്ടങ്ങൾ സെനറ്റിന്റെ അധികാരം പ്രയോഗിച്ച് യഥോചിതം പ്രവർത്തിക്കുക. പ്രസ്തുത നടപടിക്ക് അടുത്തുകൂടുന്ന സെനറ്റു യോഗത്തിന്റെ അംഗീകാരം നേടിയിരിക്കേണ്ടതാണ്.
4. അംഗസംഘടനകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ യഥാകാലം നൽകുക.
5. അംഗീകരിക്കപ്പെട്ട ബഡ്ജറ്റിന് വിധേയമായി ചെയലവുകൾ അനുവദിക്കുക. സംയുക്ത സിൻഡിക്കേറ്റിനു ശേഷം ജനറൽ സെക്രട്ടറി നിയമാനുസൃതം ബഡ്ജറ്റ് യോഗം വിളിച്ചുകൂട്ടി ബഡ്ജറ്റ് പാസ്സാക്കേണ്ടതുമാകുന്നു.
6. വാർഷിക പ്രവർത്തന റിപ്പോർട്ട്, വരവുചെലവ് കണക്ക്, ബാക്കി പത്രം, ഓഡിറ്റ് റിപ്പോർട്ട് എന്നിവ സെനറ്റിൽ ഹാജരാക്കുക.
7. ഔദ്യോഗിക ഭാരവാഹികളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.
8. പ്രത്യേക കമ്മറ്റികളെ ആവശ്യാനുസരണം നിയമിക്കുകയും അവരുടെ റിപ്പോർട്ടുകൾ പരിശോധിച്ച് യുക്തമെന്ന് തോന്നുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
9. പ്രസ്ഥാനം വക പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിക്കുക.
10. ഉദ്യോഗഭാരവാഹികളുടെ രാജി സ്വീകരിച്ച് തീർച്ച ചെയ്യുകയോ ഒഴിവു വരുന്നവരുടെ സ്ഥാനത്ത് സിൻഡിക്കേറ്റ് അംഗങ്ങളിൽ നിന്ന് പുതിയ ആളുകളെ അടുത്ത സെനറ്റ് യോഗം വരെ നിയമിക്കുകയും ചെയ്യുക.
11. സിൻഡിക്കേറ്റിലെയും സെനറ്റിലെയും അംഗങ്ങളുടെ രാജി സ്വീകരിച്ച് തീർച്ച ചെയ്യുകയും ബന്ധപ്പെട്ട സമിതികളുടെയും അംഗസംഘടനകളുടെയും ശുപാർശകൾ സ്വീകരിച്ച് ഒഴിവ് നികത്തുകയും ചെയ്യുക.
12. യൂത്ത് അഡ്വൈസറി കൗൺസിൽ രൂപീകരിക്കുക.
13. സഭയുടെയും സമുദായത്തിന്റെയും പ്രസ്ഥാനത്തിന്റെയും നന്മയ്ക്ക് ആവശ്യമെന്ന് തോന്നുന്ന സംരംഭങ്ങളും സ്ഥാപനങ്ങളും സെനറ്റിന്റെ അംഗീകാരം വാങ്ങി നടത്തുകയും അവയ്ക്ക് ആവശ്യമായ വ്യവസ്ഥകൾ ഉണ്ടാക്കുകയും ചെയ്യുക.
14. പ്രസ്ഥാനത്തിന്റെ മേൽ ഘടകങ്ങളായ ങകഖഅഞഇ, കഇഥഞ എന്നിവയിലേയ്ക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കുക. സാധാരണയായി തൊട്ടുമുമ്പുള്ള വർഷങ്ങളിലെ സെക്രട്ടറിയേറ്റ് അംഗങ്ങളിൽ നിന്നാണ് തെരഞ്ഞെടുക്കേണ്ടത്. ഇവർക്ക് അസൗകര്യമെങ്കിൽ സിൻഡിക്കേറ്റ് അംഗങ്ങൾക്ക് സീനിയോറിറ്റി അനുസരിച്ച് മുൻഗണന നൽകേണ്ടതാണ്.

## 44. യോഗങ്ങൾ

1. സിൻഡിക്കേറ്റ് മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.
2. സിൻഡിക്കേറ്റ് മുറപ്രകാരം തീരുമാനം ചെയ്തിട്ടില്ലാത്ത പക്ഷം സിൻഡിക്കേറ്റിന്റെ യോഗങ്ങൾ കേന്ദ്രകാര്യാലയത്തിൽ വച്ച് കൂടേണ്ടതാകുന്നു.

## 45. കോറം

സിൻഡിക്കേറ്റിന്റെ കോറം പതിനാലോ, ആകെയുള്ള അംഗങ്ങളുടെ മൂന്നിൽ ഒന്നോ ഇതിലേത് കുറവോ ആയ സംഖ്യയായിരിക്കുന്നതാകുന്നു.

## 46. നോട്ടീസ്

1. സിൻഡിക്കേറ്റ് യോഗങ്ങൾക്ക് സാമാന്യമായി ഏഴ് ദിവസത്തെ രേഖാമൂലമായ നോട്ടീസ് ഓരോ അംഗത്തിനും നൽകേണ്ടതാണ്. എന്നാൽ, പെട്ടെന്നുണ്ടാകുന്ന സംഭവ വികാസങ്ങളെപ്പറ്റിയോ പ്രശ്നങ്ങളെപ്പറ്റിയോ അടിയന്തിര ചർച്ച ആവശ്യമാണെന്ന് പ്രസിഡന്റിന് അഭിപ്രായമുള്ള പക്ഷം മൂന്ന് ദിവസത്തെ നോട്ടീസ് നൽകി സിൻഡിക്കേറ്റിന്റെ അടിയന്തിര യോഗം വിളിച്ചുകൂട്ടാവുന്നതാണ്.

2. സിൻഡിക്കേറ്റ് വിളിച്ചുകൂട്ടുന്നതിനുള്ള നോട്ടീസിൽ യോഗം ചേരുന്ന സ്ഥലം, തീയതി, സമയം, യോഗത്തിന്റെ കാര്യപരിപാടി ഇവ കാണിച്ചിരിക്കണം. ജനറൽ സെക്രട്ടറി തയ്യാറാക്കുന്ന കാര്യപരിപാടികൾക്ക് പ്രസിഡന്റിന്റെ അംഗീകാരം വാങ്ങിയിരിക്കേണ്ടതാകുന്നു.

3. 30 ഉം 31 ഉം വകുപ്പുകൾ സിൻഡിക്കേറ്റിന്റെ യോഗങ്ങൾക്കും ബാധകമാകുന്നു.

## 47. യൂത്ത് അഡ്വൈസറി കൗൺസിൽ

സംസ്ഥാന ഭാരവാഹികളുടെ തിരഞ്ഞെടുപ്പിന് ശേഷം കൂടുന്ന പ്രഥമ സിൻഡിക്കേറ്റ് യോഗം ഒരു യൂത്ത് അഡ്വൈസറി കൗൺസിൽ രൂപീകരിക്കണം. മുൻകാല ഭാരവാഹികളിൽ നിന്നും ഏഴിൽ കുറയാത്ത അംഗങ്ങളെ ഈ കൗൺസിലിലേയ്ക്ക് നോമിനേറ്റ് ചെയ്യേണ്ടതാണ്. സെനറ്റ് യോഗത്തിൽ ഇവർ പ്രത്യേക ക്ഷണിതാക്കളായിരിക്കും. എന്നാൽ, ഇവർക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

# അദ്ധ്യായം IX

# ഉദ്യോഗഭാരവാഹികൾ

## 48. തെരഞ്ഞെടുപ്പ്

1. ഉദ്യോഗികഭാരവാഹികളുടെ കാലാവധി ഒരു വർഷമോ അടുത്ത തെരഞ്ഞെടുപ്പുകഴിഞ്ഞു പുതിയ ഉദ്യോഗഭാരവാഹികൾ സ്ഥാനം ഏറ്റെടുക്കുന്നതുവരെയോ ആകുന്നു.

2. ഉദ്യോഗഭാരവാഹികൾ ആരെങ്കിലും രാജി വച്ചാൽ രാജി അംഗീകരിക്കപ്പെടുന്നതുവരെ അവർ തങ്ങളുടെ സ്ഥാനത്ത് തുടരുന്നതുമാകുന്നു.

3. പ്രസിഡന്റ്, രണ്ട് വൈസ് പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറി, നാലു സെക്രട്ടറിമാർ, ഖജാൻജി എന്നീ ഉദ്യോഗിക ഭാരവാഹികളെ വർഷം തോറും ആ വർഷത്തെ സെനറ്റംഗങ്ങൾ ചേർന്ന് സിൻഡിക്കേറ്റിലേയ്ക്ക് അംഗസംഘടനകൾ തെരഞ്ഞെടുത്ത് നിയോഗിച്ച യുവജന പ്രതിനിധികളിൽ നിന്നും ഈ ഭരണ ഘടനയിലെ 7-ാം വകുപ്പിനും ചട്ടങ്ങൾക്കും വിധേയമായി രഹസ്യ ബാലറ്റുമൂലം തെരഞ്ഞെടുക്കേണ്ടതാകുന്നു.

4. ഓരോ വർഷവും ജനുവരി ആദ്യ ആഴ്ചയിൽ നാലു ദിവസമെങ്കിലും ദീർഘിക്കുന്ന ഒരു ക്യാമ്പിനോടനുബന്ധിച്ച് തെരഞ്ഞെടുപ്പുകൾ നടത്തേണ്ടതാണ്. പ്രവർത്തനങ്ങൾ വിലയിരുത്താനും കർമ്മപരിപാടികൾ ആവിഷ്കരിക്കാനും പരസ്പരം പരിചയപ്പെടാനും ഉദ്ദേശ്ശിക്കപ്പെട്ടിട്ടുള്ള ഈ ക്യാമ്പിൽ ആദ്യന്തം സംബന്ധിക്കാതെ യാതൊരു പ്രതിനിധിക്കും തെരഞ്ഞെടുക്കാനും തെരഞ്ഞെടുക്കപ്പെടുവാനുമുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല.

5. പ്രസിഡന്റ്, വൈസ് പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറി എന്നീ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെടാൻ സിൻഡിക്കേറ്റിൽ ഒരു വർഷത്തെ പരിചയം ഉൾപ്പെടെ സെനറ്റിൽ രണ്ടു വർഷത്തെയെങ്കിലും പരിചയം അനിവാര്യമാണ്. ഇതര ഭാരവാഹികൾക്ക് സെനറ്റിൽ ഒരു വർഷത്തെ പരിചയം ആവശ്യമാണ്.

6. ഈ പ്രസ്ഥാനത്തിന്റെ ഡയറക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഒരു വൈദികനോ ഉദ്യോഗിക ഭാരവാഹികളുടെ തെരഞ്ഞെടുപ്പിൽ റിട്ടേണിംഗ് ഓഫീസർ ആയിരിക്കുന്നതാകുന്നു.

### 49. പ്രസിഡന്റ്

പ്രസ്ഥാനത്തിന്റെ പൊതു ഭരണവും നേതൃത്വവും പ്രസിഡന്റിൽ സ്ഥിതി ചെയ്യുന്നതാകുന്നു.

### 50. പ്രസിഡന്റിന്റെ അധികാരങ്ങളും ചുമതലകളും

1. ഈ ഭരണഘടനയുടെ ഇതര വകുപ്പുകളിൽ വിവരിക്കുന്ന അധികാരങ്ങൾക്കും ചുമതലകൾക്കും പുറമെ താഴെപ്പറയുന്ന അധികാരങ്ങൾക്കും ചുമതലകൾക്കും പ്രസിഡന്റിനധികാരമുണ്ടായിരിക്കുന്നതാണ്.

   a) സെനറ്റും സിൻഡിക്കേറ്റും വിളിച്ചുകൂട്ടിക്കുകയോ വേണ്ടിവന്നാൽ വിളിച്ചുകൂട്ടുകയോ ചെയ്യുക.

   b) പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾക്കും പ്രഖ്യാപിത നയങ്ങൾക്കും അനുയോജ്യമായ പ്രസ്താവനകൾ പുറപ്പെടുവിക്കുക.

   c) സിൻഡിക്കേറ്റിന്റെ യോഗങ്ങളിൽ വിദഗ്ദ്ധ അഭിപ്രായമോ ഉപദേശമോ ആരായുന്നത് യുക്തമെന്ന് തോന്നിയാൽ യുക്തമെന്ന് തോന്നിയാൽ സിൻഡിക്കേറ്റിനോടാലോചിച്ച് പുറമെ നിന്നും ആരെയെങ്കിലും ക്ഷണിക്കുക.

   d) അംഗീകരിക്കപ്പെട്ട ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഏതെങ്കിലും അത്യാവശ്യ കാര്യത്തിനുവേണ്ടിയോ ബജറ്റിൽ അനുവദിച്ചിട്ടുള്ള സംഖ്യയ്ക്ക് പുറമെയോ യുക്തമെന്ന് തോന്നിയാൽ 1000 രൂപ വരെ ചിലവുകൾ അനുവദിക്കുക.

   e) ഈ പ്രസ്ഥാനത്തിന്റെ ഏത് റിക്കോർഡുകളും മുന്നറിവ് കൂടാതെ പരിശോധിക്കുക.

2. പ്രസിഡന്റിന്റെ അധികാരങ്ങളിൽ ഏതെങ്കിലും തൽക്കാലത്തേക്ക് സിൻഡിക്കേറ്റുമായി ആലോചിച്ച് വൈസ് പ്രസിഡന്റിന് വിട്ടുകൊടുക്കുവാൻ പ്രസിഡന്റിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

### 51. വൈസ് പ്രസിഡന്റ്: അധികാരങ്ങളും ചുമതലകളും

1. പ്രസിഡന്റ് ഹാജരില്ലാത്ത സന്ദർഭങ്ങളിലും പ്രസിഡന്റ് സ്ഥാനം ഉഴിവായിരിക്കുമ്പോൾ പകരം ആളെ നിയമിക്കുന്നതുവരെയും പ്രസിഡന്റിനുള്ള എല്ലാ അധികാരങ്ങളും ചുമതലകളും വൈസ് പ്രസിഡന്റിൽ സ്ഥിതി ചെയ്യുന്നു.
2. പ്രസിഡന്റോ സിൻഡിക്കേറ്റോ നിർദ്ദേശിക്കുന്ന മറ്റു കാര്യങ്ങളും വൈസ് പ്രസിഡന്റിന്റെ കൃത്യപരിധിയിൽ പെടുന്നതാകുന്നു.
3. വൈസ് പ്രസിഡന്റുമാരിൽ മുൻഗണന നിശ്ചയിക്കുന്നത് ഇപ്രകാരമായിരിക്കും. പുരുഷ പ്രതിനിധി പ്രസിഡന്റായിരിക്കുമ്പോൾ വനിതാ വൈസ് പ്രസിഡന്റിനും വനിതാ പ്രതിനിധി പ്രസിഡന്റായിരിക്കുമ്പോൾ പുരുഷ വൈസ് പ്രസിഡന്റിനും മുൻഗണന നൽകേണ്ടതാണ്.

### 52. ജനറൽ സെക്രട്ടറി

ഈ പ്രസ്ഥാനത്തിന്റെ നടത്തിപ്പിലും ദൈനം ദിന ഭരണത്തിലും കേന്ദ്ര കാര്യാലയത്തിന്റെ നടത്തിലപ്പിലും മുഖ്യ പ്രവർത്തന ചുമതല ജനറൽ സെക്രട്ടറിക്കായിരിക്കുന്നതാകുന്നു.

### 53. ജനറൽ സെക്രട്ടറി അധികാരങ്ങളും ചുമതലകളും

1. ഈ ഭരണഘടനയുടെ ഇതര വകുപ്പുകളിൽ നൽകിയിട്ടുള്ള അധികാരങ്ങൾക്കും ചുമതലകൾക്കും പുറമെ ജനറൽ സെക്രട്ടറിക്ക് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്.

   a) സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും യോഗങ്ങൾ നിയമാനുസൃതം വിളിച്ചുകൂട്ടുക.

   b) പ്രസ്ഥാനം സംബന്ധിച്ച് എഴുത്തുകുത്തുകൾ നടത്തുകയും അവയുടെ ഫയലുകൾ സൂക്ഷിക്കുകയും ആവശ്യമായ സർക്കുലറുകൾ പുറപ്പെടുവിക്കുകയും ചെയ്യുക.

   c) പ്രസ്ഥാനത്തിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി സിൻഡിക്കേറ്റിലും തുടർന്ന് സെനറ്റിലും സമർപ്പിക്കുക.

d) സിൻഡിക്കേറ്റിന്റെ നിർദ്ദേശാനുസരണമുള്ള ചെലവുകൾക്കുവേണ്ട പണം നൽകുവാൻ ഖജാൻജിയെ രേഖാമൂലം ചുമതലപ്പെടുത്തുക.

e) അംഗീകരിക്കപ്പെട്ട ബജറ്റിനു വിധേയമായി ചില്ലറ ചിലവുകൾക്കായി 1000 രൂപയിൽ കവിയാത്ത തുക കൈവശം വച്ചുകൊണ്ടിരിക്കുകയും ചിലവുകൾക്കുള്ള കണക്ക് ഖജാൻജിയെ ബോധ്യപ്പെടുത്തുകയും ചെയ്യുക.

f) അടിയന്തിരഘട്ടങ്ങളിൽ 500 രൂപയിൽ കവിയാത്ത ചെലവ് സ്വന്തം ഉത്തരവാദിത്വത്തിൽ ചെയ്യുകയും കണക്ക് ഖജാൻജിയെ ബോധ്യപ്പെടുത്തുകയും ചെയ്യുക.

g) സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും യോഗങ്ങളുടെ മിനിറ്റ്സും പ്രവർത്തന റിപ്പോർട്ടുകളും നിശ്ചിത പുസ്തകത്തിലെഴുതി സൂക്ഷിക്കുക.

h) പ്രസ്ഥാനം വക റിക്കാർഡുകളും രജിസ്റ്ററുകളും സൂക്ഷിക്കുക.

2. ജനറൽ സെക്രട്ടറിയുടെ ഏതെങ്കിലും അധികാരമോ ചുമതലയോ ആവശ്യമെന്ന് തോന്നിയാൽ സിൻഡിക്കേറ്റിന്റെ അനുമതിയോടുകൂടി ജനറൽ സെക്രട്ടറിക്ക് സെക്രട്ടറിമാരെ ഏൽപ്പിക്കാവുന്നതാണ്.

3. പ്രസിഡന്റോ സിൻഡിക്കേറ്റോ അതാതവസരങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റു ചുമതലകളും ജനറൽ സെക്രട്ടറിയുടെ കൃത്യപരിധിയിൽ പെടുന്നതാകുന്നു.

## 54. സെക്രട്ടറിമാർ: അധികാരങ്ങളും ചുമതലകളും

1. ജനറൽ സെക്രട്ടറി ഹാജരാകാത്ത സംഭവങ്ങളിലും ജനറൽ സെക്രട്ടറി സ്ഥാനം ഒഴിവായിരിക്കുമ്പോൾ പകരം ആളെ നിയമിക്കുന്നതുവരെയും ജനറൽ സെക്രട്ടറിക്കുള്ള എല്ലാ അധികാരങ്ങളും സെക്രട്ടറിമാരിൽ സ്ഥിതി ചെയ്യുന്നതാണ്.

2. ജനറൽ സെക്രട്ടറിയോ സിൻഡിക്കേറ്റോ നിർദ്ദേശിക്കുന്ന മറ്റു കൃത്യങ്ങളും സെക്രട്ടറിമാരുടെ കൃത്യപരിധിയിൽ പെടുന്നതാണ്.

## 55. ഖജാൻജി: അധികാരങ്ങളും ചുമതലകളും

1. ഈ ഭരണഘടനയുടെ ഇതര വകുപ്പുകളിൽ നൽകിയിട്ടുള്ള അധികാരങ്ങൾക്കും ചുമതലകൾക്കും പുറമെ ഖജാൻജിക്ക് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്.

a) പ്രസ്ഥാനത്തിന് വരേണ്ട ഫീസുകൾ, വരിസംഖ്യകൾ, സംഭാവനകൾ മുതലായവ സ്വീകരിക്കുകയും അവയ്ക്ക് പ്രസ്ഥാനത്തിന്റെ മുദ്രയോടുകൂടിയ രസീതുകൾ നൽകുകയും ചെയ്യുക.

b) സിൻഡിക്കേറ്റിന്റെ നിർദ്ദേശാനുസരണമുള്ള ചെലവുകൾ ജനറൽ സെക്രട്ടറി നൽകുന്ന രേഖയനുസരിച്ച് ചെയ്യുക.

c) 53 (e) വകുപ്പിൽ പറയുന്ന ചെലവുകൾക്കായി ആവശ്യപ്പെടുമ്പോൾ 1000 രൂപയിൽ കവിയാത്ത തുക ജനറൽ സെക്രട്ടറിയെ ഏൽപിക്കുകയും അതിന്റെ ചെലവിനുള്ള കണക്ക് പരിശോധിക്കുകയും ചെയ്യുക.

d) പ്രസ്ഥാനത്തിന്റെ സ്വത്തുക്കളുടെയും വരവുചിലവുകളുടെയും കണക്കുകൾ എഴുതി സൂക്ഷിക്കുകയും അവ സംബന്ധിച്ച് സകല പ്രമാണങ്ങളും ബാങ്ക് പാസ്ബുക്കുകളും ഇതരരേഖകളും സ്വന്തം നിയന്ത്രണത്തിൽ കേന്ദ്ര കാര്യാലയത്തിൽ സൂക്ഷിക്കുകയും ചെയ്യുക.

e) സിൻഡിക്കേറ്റ് നിശ്ചയിക്കുന്ന കാലാവധിക്കുള്ളിൽ അതാത് കൊല്ലത്തു വരവും ചിലവുകളും ബാക്കിപത്രവും തയ്യാറാക്കി സെനറ്റ് നിശ്ചയിച്ചിട്ടുള്ള ഓഡിറ്ററെക്കൊണ്ട് ഓഡിറ്റ് ചെയ്യിച്ച്, സെനറ്റിലും സിൻഡിക്കേറ്റിലും ഹാജരാക്കുകയും മറ്റു ഔദ്യോഗിക ഭാരവാഹികളുമായി ആലോചിച്ച് അടുത്ത വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുകയും ചെയ്യുക.

f) ചെലവു ചെയ്യുന്ന തുകകൾക്ക് ശരിയായ അധികാര പത്രങ്ങളും വൗച്ചറുകളും വാങ്ങി സൂക്ഷിക്കുക.

2. സിൻഡിക്കേറ്റ് നിശ്ചയിക്കുന്ന വിധത്തിൽ പ്രസ്ഥാനത്തിന്റെ പണം പ്രസ്ഥാനത്തിന്റെ പേരിൽ ഡയറക്ടറുടെയും ഖജാൻജിയുടെയും ജോയിന്റ് അക്കൗണ്ടിൽ ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്.

3. സിൻഡിക്കേറ്റിന്റെ തീരുമാനം അനുസരിച്ചല്ലാതെ പ്രസ്ഥാനത്തിന്റെ നാമത്തിൽ യാതൊരു ബാദ്ധ്യതയിലും ഏർപ്പെടുന്നതിന് കജാൻജിക്ക് അധികാരമുണ്ടായിരിക്കുന്നതല്ല.

4. ആയിരം രൂപയിൽ കവിഞ്ഞ തുക 7 ദിവസത്തിൽ കൂടുതൽ കാലം കൈവശം വച്ചുകൊണ്ടിരിക്കുവാൻ പാടില്ലാത്തതാകുന്നു.

5. ശരിയായ അധികാര പത്രവും വൗച്ചറുകളും കൂടാതെ ഖജാൻജി ചെയ്യുന്ന ചെലവുകൾക്ക് പ്രസ്ഥാനം ഉത്തരവാദി ആയിരിക്കുന്നതല്ല.

# അദ്ധ്യായം X

## ധനകാര്യം

### 56. ധനാഗമമാർഗങ്ങൾ

ഈ പ്രസ്ഥാനത്തിന്റെ ധനാഗമ മാർഗങ്ങൾ താഴെ പറയുന്നവയാകുന്നു.

1. 23 (1) ൽ പറയുന്ന അഫിലിയേഷൻ ഫീസ്.
2. 23 (2) ൽ പറയുന്ന വാർഷിക ഫീസ്
3. പ്രത്യേക പ്രവർത്തന പരിപാടികൾക്കുവേണ്ടി പിരിച്ചെടുത്ത ഫണ്ടുകളും അവയ്ക്ക് ലഭിക്കുന്ന പലിശയും.
4. സംഭാവനകൾ

### 57 സാമ്പത്തിക വർഷം

ഈ പ്രസ്ഥാനത്തിന്റെ സാമ്പത്തിക വർഷം ജനുവരി 1 മുതൽ ഡിസംബർ 31 വരെ ആയിരിക്കുന്നതാണ്.

# അദ്ധ്യായം XI

## പലവക

### 58. കേന്ദ്ര കാര്യാലയം

സെനറ്റ് മറ്റു വിധത്തിൽ തീരുമാനിക്കുന്നതുവരെ ഈ പ്രസ്ഥാനത്തിന്റെ കേന്ദ്ര കാര്യാലയം കോട്ടയം/എറണാകുളം പട്ടണത്തിൽ സ്ഥിതി ചെയ്യുന്നതാകുന്നു.

### 59. റിക്കാർഡുകളും രജിസ്റ്ററുകളും

കേന്ദ്ര കാര്യാലയത്തിൽ താഴെ പറയുന്ന റിക്കോർഡുകളും രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതാകുന്നു.

1. a) സെനറ്റ്, സിൻഡിക്കേറ്റ് ഇവയിലെ അംഗങ്ങളുടെ രജിസ്റ്റർ.
   b) സർട്ടിഫിക്കറ്റ് രജിസ്റ്റർ
   c) അംഗസംഘടനകളുടെ രജിസ്റ്റർ
2. a) സെനറ്റ്, സിൻഡിക്കേറ്റ് ഇവയുടെ മിനിറ്റ്സ് ബുക്കുകൾ
   b) വാർഷിക റിപ്പോർട്ട് ബുക്ക്
   c) ഭരണഘടന
   d) ബൈലോ ബുക്ക്
3. നാൾവഴി, പേരേട്, രസീത് ബുക്കുകൾ, വൗച്ചറുകൾ, പ്രസ്ഥാനം വക സ്വത്തുക്കളുടെ ലിസ്റ്റ്.

4. ബജറ്റ് വാർഷിക വരവ് ചെലവ് കണക്ക്, ബാക്കിപത്രം, ഓഡിറ്റ് റിപ്പോർട്ട് ഇവയുടെ ഫയൽ.
5. എഴുത്തുകുത്തു ഫയൽ.
6. ഓഫീസ് ഡയറി, സന്ദർശക ഡയറി.
7. സിൻഡിക്കേറ്റ് നിശ്ചയിക്കുന്ന മറ്റു റിക്കാർഡുകൾ.

# അദ്ധ്യായം XII

## സ്വർഗീയ മദ്ധ്യസ്ഥൻ, യൂത്ത് പ്രയർ, ആന്തം

### 60. സ്വർഗീയ മദ്ധ്യസ്ഥൻ

വി. തോമസ് മൂർ

### 61. യൂത്ത് പ്രയർ

സെനറ്റ് അംഗീകരിച്ച പ്രാർത്ഥനം സംഘടനയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

### 62. കെ.സി.വൈ.എം ആന്തം

ക്രൈസ്തവ ധർമ്മ പതാകയതേന്തി
സ്നേഹത്തിൻ പുതു കാഹളമൂതി
മോചകനേശുവിൻ അണികളിലുണരും
ശക്തി തരംഗം കെ.സി.വൈ.എം. (കോറസ്സ്)

യുഗശക്തി ഇതു യുവശക്തി
മാനവമോചനരണശക്തി
മനുഷ്യമനസ്സിലുറങ്ങും ദൈവ-
മഹത്വമുണർത്തും പുതുശക്തി

വിലയിടിയാത്തൊരു വിജ്ഞാനത്താൽ
അടിപതറാത്തൊരു വിശ്വാസത്താൽ
പൂർണ്ണ മനുഷ്യൻ, പൂർണ്ണ സമൂഹം
പടുത്തുയർത്തും യുവശക്തി

അധർമ്മമെങ്ങും അമർത്തീടാൻ
സമൃദ്ധിയെങ്ങും ഉണർത്തീടാൻ
സാഹോദര്യം സഹകരണം
പടവാളാക്കും യുവശക്തി

## ചട്ടങ്ങൾ

### 1. തെയ്സെ

തെയ്സെയിലെ പരിശീലനത്തിന് പ്രതിനിധികളെ തിരഞ്ഞെടുക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ:-

1. നിലവിലുള്ള ഭാരവാഹികൾ പങ്കെടുക്കുവാൻ പാടുള്ളതല്ല.
2. സെക്രട്ടറിയേറ്റ് പരിചയമുള്ളവരെ ആദ്യവും അവരുടെ അഭാവത്തിൽ സിൻഡിക്കേറ്റ് സീനിയോറിറ്റിയും അതിനുശേഷം സെനറ്റിലെ സീനിയോറിറ്റിയും അനുസരിച്ച് പ്രതിനിധിയെ തിരഞ്ഞെടുക്കേണ്ടതാണ്.
3. ഒരു രൂപതയിൽ നിന്ന് ഒന്നിലധികം പ്രാതിനിധ്യമോ തുടർച്ചയായി ഒരു രൂപതയ്ക്കുതന്നെ പ്രാതിനിധ്യമോ ലഭിക്കാൻ പാടില്ല.
4. പരിശീലനങ്ങൾക്ക് ശേഷം കുറഞ്ഞത് മൂന്ന് മാസമെങ്കിലും സംസ്ഥാന പ്രവർത്തനങ്ങൾക്ക് ഇവരുടെ മുഴുവൻ സമയ വോളണ്ടിയർ സേവനം സംലഭ്യമാക്കേണ്ടതാണ്. മുൻകാല വോളണ്ടിയർ സേവനങ്ങൾ മുൻഗണന നിശ്ചയിക്കാൻ പരിഗണിക്കുന്നതുമാണ്.

## 2. ദീർഘകാല പ്രോഗ്രാമുകൾ

1. സ്വദേശത്തോ വിദേശത്തോ ഉള്ള ദീർഘകാല പ്രോഗ്രാമുകൾക്ക് തെയ്സെയ്ക്ക് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

## 3. തെരഞ്ഞെടുപ്പ്

1. പ്രസിഡന്റ്, ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റുമാർ എന്നീ ഔദ്യോഗിക സ്ഥാനങ്ങളായിരിക്കും Key Post കളായി പരിഗണിക്കുക. പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നീ Key Post ലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ റൊട്ടേഷൻ ക്രമമനുസരിച്ച് അതാത് വ്യക്തിസഭയിൽ നിന്ന് സ്ഥാനാർത്ഥികൾ ഇല്ലെങ്കിൽ മറ്റ് വ്യക്തിസഭകളിൽ നിന്ന് യോഗ്യരായവരെ പരിഗണിക്കേണ്ടതും വൈസ് പ്രസിഡന്റിന്റെ (വനിതകൾക്ക് സംവരണം ചെയ്യാത്തത്) സ്ഥാനം ഒഴിവാക്കിയിടുന്നതും അടുത്ത സെനറ്റ് സമ്മേളനത്തിൽ മേൽ വ്യക്തിസഭയിൽ നിന്നും വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് തെരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.
2. ഔദ്യോഗിക ഭാരവാഹികളിൽ Key Post ഒഴികെ മറ്റ് Post കളിൽ റൊട്ടേഷന് ക്രമമനുസരിച്ച് അതാത് വ്യക്തിസഭകളിൽ നിന്ന് സ്ഥാനാർത്ഥികൾ ഇല്ലെങ്കിൽ മറ്റ് വ്യക്തിസഭകളിലെ യോഗ്യരായവരെ തെരഞ്ഞെടുക്കാവുന്നതാണ്.
3. അംഗസംഘടനകൾക്ക് പ്രവർത്തന വർഷത്തിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്ന മേൽസമിതി പ്രാതിനിധ്യത്തിലേയ്ക്ക് ആനിമേറ്റർക്ക് പകരമായി അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, വൈസ് ഡയറക്ടർ എന്നിവരിൽ ആരെങ്കിലും ഒരാളെ അയയ്ക്കാവുന്നതാണ്.

# സത്യപ്രതിജ്ഞാവാചകം

കേരള കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ / കെ.സി.വൈ.എം ന്റെ / ............................................... (ഔദ്യോഗിക സ്ഥാനം) ആയി തിരഞ്ഞെടുക്കപ്പെട്ട / ............................................... (പേര്) എന്ന ഞാൻ / ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യസാക്ഷാത്ക്കാരത്തിനായ് / ക്രൈസ്തവ ദർശനങ്ങളിലധിഷ്ഠിതമായി / യുവജനങ്ങളെയും സമൂഹത്തെയും നയിക്കുമെന്നും / പൊതു നന്മയ്ക്കും സഭാസമൂഹത്തിന്റെ വളർച്ചയ്ക്കുംവേണ്ടി / നിരന്തരം പ്രയത്നിക്കുമെന്നും / മാതൃരാജ്യത്തിന്റെ / ഐക്യവും അഖണ്ഡതയും മാനിച്ചുകൊണ്ട് / സേവനത്തിന്റെ മാർഗ്ഗത്തിൽ ചരിക്കുമെന്നും / പ്രസ്ഥാനത്തിൽ / ഐക്യവും ലക്ഷ്യബോധവും നിലനിർത്താൻ / ഗൗരവതരമായ ഈ കൂട്ടുത്തരവാദിത്വം / പങ്കാളിത്ത മനോഭാവത്തോടെ നിറവേറ്റുമെന്നും / ഭരണഘടനയ്ക്കും നിയമാവലിക്കും അനുസൃതമായി / എന്നിൽ അർപ്പിതമായിരിക്കുന്ന നേതൃത്വശുശ്രൂഷ / തീഷ്ണതയോടെ നിർവഹിക്കുമെന്നും / ആദ്ധ്യാത്മികതയിൽ അടിയുറച്ചുനിന്ന് / ധാർമ്മിക മൂല്യങ്ങൾക്ക് വിലകൽപിച്ച് / സാമൂഹിക പ്രതിജ്ഞാബദ്ധതയോടെ ജീവിക്കുമെന്നും / സത്യം, നീതി, സ്നേഹം, സമാധാനം, സഹവർത്തിത്വം / എന്നീ സുവിശേഷമൂല്യങ്ങളിലധിഷ്ഠിതമായ / ദൈവരാജ്യ സംസ്ഥാപനത്തിനായി / വി. തോമസ് മൂറിനെ അനുകരിച്ച് / അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുമെന്നും / സമഗ്രവിമോചകനായ യേശുവിന്റെ നാമത്തിൽ / പ്രതിജ്ഞ ചെയ്യുന്നു.